യോഹ. 1:45-51

**2024 ജനുവരി 07**

## വചനസന്ദേശം

**ഫാ. ജെറിൽ കുരിശിങ്കൽ**

# നിഷ്കപടനായ ഇസ്രായേൽക്കാരൻ

'ഇതാ, നിഷ്കപടനായ യഥാർത്ഥ ഇസ്രായേൽക്കാരൻ' എന്ന് ക്രിസ്തു പേരിട്ടു വിളിക്കാൻ മാത്രം നഥാനയേൽ ആരായിരുന്നു? എന്തായിരുന്നു നഥാ നയേലിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കിയത്? സുവിശേഷത്തില ങ്ങോളമിങ്ങോളം തേടിയലഞ്ഞാലും ഇത്ര മനോഹരമായ, മഹത്തായ സംജ്ഞ കാണാൻ സാധിക്കില്ല. സങ്കീർത്തനങ്ങളുടെ പുസ്തകത്തിൽ പറയുന്നതു പോലെ, ഈശോ നമ്മുടെ ഹൃദയത്തിലെ വിചാരങ്ങളും അധരത്തിലെ വാക്കു കളും നമുക്കു മുമ്പേ അറിയുന്നുണ്ടെന്നതിന് ഇനി വേറെ തെളിവൊന്നും വേണ്ടെന്ന് സാരം. 'എന്നെ അനുഗമിക്കുക' എന്ന ഈശോയുടെ വാക്കുകേട്ട് കൂടെക്കൂടിയവനാണ് പീലിപ്പോസ്. മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും നല്ല അവഗാഹമുണ്ടായിരുന്നവനായിരുന്നു നഥാനയേലെന്ന് തിരുവചനത്തിൽ നാം കാണുന്നുണ്ട്. അതോടൊപ്പം നസറത്തിന്റെ ചരിത്രവും സംസ്കാരവുമെല്ലാം വ്യക്തമായി അറിയാവുന്നവനുമായിരുന്നു. ഇങ്ങനെ അറിവും കഴിവും തികഞ്ഞ നഥാനയേലിനോടാണ് യേശുവിനെ കണ്ട കാര്യം അറിയിക്കുന്നത്. അറിവിന്റെ ആഴത്തിൽ നിന്നും ഒരു ചോദ്യമുയർന്നു: നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ?

ദൈവം ആരിലൂടെയാണ്, ഏതു സാഹചര്യത്തിലൂടെയാണ്, ഏതു സംഭവത്തിലൂടെയാണ് നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്നതെന്ന് നമുക്കറിയില്ല. ഒരു പക്ഷേ, എപ്പോഴും നമ്മുടെ ജീവിതത്തിൽ പ്രതിബന്ധമായി നിൽക്കുന്നവരിലൂടെയാകാം. നിന്നെ ഒന്നിനും കൊള്ളില്ലെന്ന് പറഞ്ഞ് മാറ്റി നിർത്തിയവർ, ആത്മാർത്ഥമായി സ്നേഹിച്ചിട്ടും വേദന മാത്രം തന്നവർ, സങ്കടങ്ങളിൽ നമ്മെ തനിച്ചാക്കി ഓടിയകന്നവർ, സ്നേഹവും സൗഹൃദവും അഭിനയിച്ച് ചൂഷണം ചെയ്തവർ, ആവശ്യങ്ങൾക്കു മാത്രം നമ്മിലേക്കടുത്ത് കറിവേപ്പില കണക്കെ ഉപേക്ഷിക്കുന്നവർ, ഇങ്ങനെ ഒത്തിരി പേരെ നാം കണ്ടിട്ടുണ്ടാകും. പലപ്പോഴും ഇങ്ങനെ വേദനിപ്പിക്കുന്നവരിലൂടെയാകും, അല്ലെങ്കിൽ വേദനയുടെ കയങ്ങളിലായിരിക്കും ക്രിസ്തുവിനെ നാം കണ്ടു മുട്ടുന്നത്, അനുഭവിക്കുന്നത്. അതുപോലെ, നമ്മെ അവഗണിക്കുന്നവർക്കിട യിലേക്ക് സ്നേഹമായി, ക്ഷമയായി ക്രിസ്തുവാകുന്ന കനൽ അവരുടെ ശിരസ്സിൽ കോരിയിടാനും നമുക്ക് നമ്മെത്തന്നെ ഒരുക്കാം. വാ. റാണി മരിയയെ നിഷ്ക്കരുണം വധിച്ച സമുന്ദർ സിങ്ങിന് ആ കുടുംബം ക്ഷമ കൊടുത്ത്, സ്വന്തം കുടുംബാംഗമായി സ്വീകരിച്ചതിലൂടെ സമുന്ദറിന്റെ മാത്രമല്ല, ലോകം മുഴു വന്റെയും ശിരസ്സിൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും കനൽ കൂന കൂട്ടുകയായിരുന്നു. പലപ്പോഴും നമ്മൾ പ്രതീക്ഷിക്കാത്ത ഇടങ്ങളിൽ നിന്നാണ് നന്മ ഒഴുകിയെത്തുന്നത്. ഒരു നന്മയും പ്രതീക്ഷിക്കാനാകാത്ത വ്യക്തികളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും നന്മ പ്രതീക്ഷിക്കാൻ നമുക്ക് സാധിക്കുമോ??

യോഹന്നാന്റെ സുവിശേഷമനുസരിച്ച് യേശുവിനെ ആദ്യം പരിചയപ്പെടു ത്തുന്നത് സ്നാപക യോഹന്നാൻ ആണ്. സ്നാപകൻ അന്ത്രയോസിനും യോഹന്നാനും യേശുവിനെ പരിചയപ്പെടുത്തുന്നു. പിന്നീട് അന്ത്രയോസ് യേശുവിനെപ്പറ്റി പത്രോസിനോട് പറയുന്നു. അതിനാൽ പത്രോസിന്റെയും അന്ത്രയോസിന്റെയും നഗരമായ ബത്സെയ്ദായിൽനിന്നുള്ളവനായ പീലിപ്പോ സിനു യേശുവിനെ വെളിപ്പെടുത്തിക്കൊടുത്തത് ആരാണെന്നതിൽ നമുക്ക് സംശയമില്ല. ഇതൊരു ചങ്ങലയാണ്. യേശുവിനെ അറിഞ്ഞ ഒരാൾ അറിയാത്ത ഒരാൾക്ക് പരിചയപ്പെടുത്തികൊടുക്കുന്നു. പീലിപ്പോസ് ചെന്ന് നഥാനിയേലി നോട് ഈശോയെപ്പറ്റി പറയുകയും, അങ്ങനെ നഥാനിയേൽ ഈശോയെ കാണാൻ വരുകയും ചെയ്യുന്നു. ക്രിസ്തുവിനെ പകർന്നുനൽകുന്നതിന്റെ ഇടമുറിയാത്ത ഒരു ചങ്ങലയാണ് യോഹന്നാൻ സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. യേശുവിനെ അറിഞ്ഞ് അനുഭവിച്ച ഒരാൾക്ക് അവനെ പങ്കുവച്ചുനൽകാനുള്ള ഉത്തരവാദിത്വം ഉണ്ടെന്ന് സുവിശേഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഉള്ളിൽ ഉയരുന്ന യുക്തിയുടെ മതിലുകൾക്കപ്പുറത്ത് നിഷ്ക്കളങ്കതയുടെ സ്നേഹപ്പെയ്ത്തും നഥാനയേലിനെ നിഷ്കപടനായ യഥാർത്ഥ ഇസ്രായേൽ ക്കാരനാക്കി. ഉള്ളിലുള്ളത് മറകളില്ലാതെ

പ്രകടിപ്പിക്കാൻ മാത്രം മഴത്തുള്ളി കണക്കെ സുതാര്യമായ ഹൃദയം സൂക്ഷിച്ചവൻ. 'വന്നു കാണുക' എന്ന പീലിപ്പോസിന്റെ വാക്കുകൾക്കു പിന്നാലെയുള്ള നഥാനയേലിന്റെ യാത്ര. സത്യത്തെ, ദൈവത്തെ എന്തു വില കൊടുത്തും കണ്ടെത്താനും അനുഭവി ക്കാനുമുള്ള അടങ്ങാത്ത ദാഹം. തീവ്രമായ ദാഹമാണ് യാതൊരു പ്രതീക്ഷയും നൽകാത്ത ഇടത്തിലേക്ക് നഥാനയേലിനെ നയിച്ചത്. യേശുവിനെ കാണണം, കൂടെ വസിക്കണം ഇതായിരിക്കട്ടെ നമ്മുടെയും ഏക ദാഹം. എ